(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണങ്ങളെക്കുറിച്ച് ടാറ്റാ സോഷ്യൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ വൻ തുകകൾ ബന്ധുക്കൾക്കും മറ്റും വായ്പ നൽകിയതിനുശേഷം തിരികെ കിട്ടുന്നില്ലെന്ന് കാണിച്ച് ഇൻസോൾവൻസി സ്യൂട്ട് ഫയൽ ചെയ്ത് സാധാരണ നിക്ഷേപകരെ കബളിപ്പിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെ തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപത്തിന് സംരക്ഷണം നൽകുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ പ്രാബല്യത്തിലുള്ള ഇൻവസ്റ്റേഴ്സ് ഇന്ററസ്റ്റ് പ്രൊട്ടക്ഷൻ ആക്ട് പോലുള്ള നിയമങ്ങൾ ഉണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ നിക്ഷേപകരുടെയും മറ്റ് ഇടപാടുകാരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ കേരള മണിലെൻഡേഴ്സ് ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ അവയ്ക്ക് കാലോചിതമായ ഭേദഗതികൾ വരുത്താറുമുണ്ട്.

സ്വകാര്യ പണമിടപാട് നിയന്ത്രിക്കാൻ നടപടി

19 (1842) ശ്രീ. എം നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ബാങ്ക് ഇടപാടുകളും ബ്ലേഡ് കമ്പനിക്കാരും സ്വകാര്യ പണമിടപാടുകാരും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ നിയന്ത്രിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) നാമമാത്രമായ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1997-98-ൽ 8031 രജിസ്റ്റേർഡ് മണിലെൻഡേഴ്സ് ഉണ്ടായിരുന്നു. 1998-99-ൽ അത് 8082 ആയി.

(ബി) കേരളാ മണിലെൻഡേഴ്സ് നിയമം 1958-ൽ സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന് മതിയായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവയിൽ കാലോചിതമായി വേണ്ട ഭേദഗതികൾ വരുത്താറുണ്ട്.

ആശ്രിതർക്ക് ആനുകൂല്യം ഡി.ഡി.യായി നൽകാൻ നടപടി

20 (1843) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :

LIBRARY ARCHIVES Kerala Legislative Assembly